പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1581 16.03.2015 ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർക്കാർ ആഭിമുഖ്യത്തിൽ റബ്ബർ സംഭരിക്കാൻ തീരുമാനിച്ചതു വഴി എത്രമാത്രം സംഭരിക്കാനായി എന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-14 ൽ റബ്ബർ സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവും റബ്ബർ വിലവ്യത്യാസവും ഉൾപ്പെടെ കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്നതിനുവേണ്ടി, കൃഷി വകുപ്പിന്റെ വിഹിതമായി 4 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിരുന്നു. 2014-15 ൽ സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും റബ്ബർ സംഭരണത്തിനുവേണ്ടി 5 കോടി രൂപ വീതം (ആകെ 10 കോടി രൂപ) കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിരുന്നു. ഇതുവരെയായി റബ്ബർമാർക്ക് 102073900.65 രൂപയുടെ 804.99 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് സംഭരിച്ചിട്ടുള്ള 422.33 ടൺ റബ്ബറിന് താങ്ങുവിലയടക്കം 5,33,49,627/- രൂപ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ 11.03.2015 ലെ സ.ഉ. (എം.എസ്) നം. 41/2015/കൃഷി പ്രകാരം റബ്ബർ സംഭരണത്തിനായി റബ്ബർ മാർക്കിനും മാർക്കറ്റ്ഫെഡിനും കൂടി 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ